

ഇ.ടി മുഹമ്മദ് ബഷീർ
(മുസ്‌ലിം ലീഗ് നേതാവ്, മുൻ സംസ്ഥാന വിദ്യാഭ്യാസമന്ത്രി)

# കമ്യൂണിസത്തിന്റെ മാനിഫെസ്റ്റോ

പാട്ടബാക്കി എന്ന നാടകം 1937-ൽ വൈലത്തൂരിൽ വെച്ച് നടന്ന പൊന്നാനി താലൂക്കിലെ കർഷക സമ്മേളനത്തിൽ ആദ്യമായി അവതരിപ്പിച്ചിട്ട് 75 കൊല്ലമായി. മുക്കാൽ നൂറ്റാണ്ടിനു ശേഷവും ഈ നാടകം തേടിപ്പിടിച്ച് വായിക്കാൻ ചെറിയ കുട്ടികളെ പ്രേരിപ്പിക്കുന്ന മന്ത്രിയെയും പാർട്ടിയെയും ഉദ്ദേശ്യ ശുദ്ധിയുള്ളവരെന്ന് വാഴ്ത്തണോ? ഗവൺമെന്റിന്റെ ഇത്തരം നയങ്ങളെ ആരെങ്കിലും ആക്ഷേപിച്ചാൽ അത്തരക്കാരെ രാഷ്ട്രീയവും സാമുദായികവും പറയുന്നവരെന്ന് മുദ്രകുത്തുകയും ചെയ്യുന്നു.

**പാഠപുസ്തക** വിവാദത്തെ ആസ്പദമാക്കി ചർച്ച സംഘടിപ്പിച്ച *പ്രബോധനം* വാരികക്ക് നന്ദി. ഏഴാം ക്ലാസിലെ സാമൂഹ്യപാഠ പുസ്തകത്തെ അടിസ്ഥാനമാക്കി, സുപ്രധാനമായ ചില വശങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണ് ഈ ലേഖനത്തിൽ.

1. ഇക്കാലം വരെ കേരളത്തിൽ പ്രസിദ്ധീകരിച്ച സാമൂഹ്യപാഠ പുസ്തകങ്ങളിൽ ഏറ്റവും നിലവാരം കുറഞ്ഞതാണ് ഏഴാം ക്ലാസിലെ പുതിയ 'സാമൂഹ്യപാഠം'. പുസ്തകങ്ങളെ മൊത്തത്തിൽ വിലയിരുത്തിയാൽ തന്നെ നിലവാരത്തകർച്ച കാണാൻ കഴിയും.
2. പുസ്തകം വിമർശനാത്മക പഠനം എന്ന ആശയത്തിന്റെ ആത്മാവിനെത്തന്നെ തകർക്കുന്നതാണ്.
3. ഇതിൽ ചരിത്ര സത്യങ്ങളെ തെറ്റായ രീതിയിൽ അവതരിപ്പിക്കുന്നു.
4. പുസ്തകം കുട്ടികളുടെ മനസ്സിൽ മതം അപകടകരമായ കാര്യമാണ് എന്ന ചിന്താഗതി ജനിപ്പിക്കാൻ ഉപയുക്തമാണ്.
5. പുസ്തകത്തിൽ കുട്ടികൾക്ക് വായിക്കാൻ നിർദേശിക്കപ്പെട്ട അഞ്ച് പുസ്തകങ്ങളിൽ മൂന്നും കമ്യൂണിസത്തിന്റെ പ്രത്യയശാസ്ത്ര കൃതികളാണ്. മറ്റു രണ്ടെണ്ണം ഇടതുപക്ഷ മനോഭാവമുള്ളവരുടെ രചനകളുമാണ്.

ഒന്നാമതായി ചൂണ്ടിക്കാണിച്ച അപാകത ഇപ്പോൾ ചർച്ചയിൽ വരുന്നില്ലെന്നതുകൊണ്ട് അത് വിശദീകരിക്കുന്നില്ല. കുട്ടികളിൽ മതം അപകടകരമായ കാര്യമാണ് എന്ന ചിന്ത ജനിപ്പിക്കാൻ പാഠപുസ്തകത്തിലെ 'മതമില്ലാത്ത ജീവൻ' എന്ന പാഠം ഇടവരുത്തുന്നു. അൻവർ റഷീദ് എന്ന അഛന്റെയും ലക്ഷ്മിദേവി എന്ന അമ്മയുടെയും മകൻ ഏത് മതത്തിൽ പെട്ടവനാണെന്ന് രേഖപ്പെടുത്തേണ്ടതില്ലെന്നും വലുതാകുമ്പോൾ അവനിഷ്ടമുള്ള മതം സ്വീകരിക്കട്ടെയെന്നുമാണ് അതിന്റെ സാരാംശം. മതപരമായി യാതൊരു ചടങ്ങും തന്റെ മരണശേഷം ഉണ്ടാവരുത് എന്ന പണ്ഡിറ്റ് നെഹ്‌റുവിന്റെ ഒസ്യത്തും കൊടുത്തിട്ടുണ്ട്. പാഠം ഏത് വിധത്തിലാണ് കുട്ടികളെ പഠിപ്പിക്കേണ്ടതെന്നും ഏതൊരു ചിന്താധാരയിലേക്കാണ് കുട്ടികളെ എത്തിക്കുന്നതെന്നും ഇതിന്റെ പഠനസഹായി നോക്കിയാലേ മനസ്സിലാകൂ.

പഠനസഹായി പേജ് -60

<u>പ്രവർത്തനം 7, വായന ഒരു പൊതു ചർച്ച:</u>

"മതമില്ലാത്ത ജീവൻ, ജവഹർലാൽ നെഹ്‌റു എന്നീ വായനാസാമഗ്രി - വ്യക്തിഗത വായന.

ജീവനെപ്പോലെ മതേതര ജീവിതം നയിക്കാൻ ശ്രമിക്കുന്ന ഒരാൾക്കും നെഹ്‌റുവിനെപ്പോലെ മതേതര വിശ്വാസങ്ങൾ പുലർത്തുന്ന ഒരാൾക്കും പൊതുജീവിതത്തിൽ എന്തെങ്കിലും തരത്തി

ലുള്ള പ്രയാസങ്ങൾ നേരിടാൻ സാധ്യതയുണ്ടോ?

വായനക്കു ശേഷം അധ്യാപകൻ ഈ ചോദ്യം ചോദിക്കുന്നു. പ്രതികരണങ്ങൾ വ്യക്തിഗതമായി നോട്ടുപുസ്തകങ്ങളിൽ കുറിക്കാൻ നിർദേശിക്കുന്നു. അഭിപ്രായങ്ങൾ പൊതുചർച്ചയിൽ ഉന്നയിക്കാൻ ആവശ്യപ്പെടുന്നു.

** യാത്രയിലോ വിദ്യാഭ്യാസത്തിലോ ജോലി നേടുന്നതിലോ കുടുംബ ജീവിതം നയിക്കുന്നതിലോ യാതൊരുവിധ പ്രയാസവും നേരിടാനിടയില്ല. ഈ ആശയങ്ങളിൽ അധ്യാപകൻ പൊതു ചർച്ച ക്രോഡീകരിക്കുന്നു.*

ഇതിൽ മതരഹിതമായ സമൂഹത്തെ പ്രകീർത്തിക്കുന്നു. അത് നല്ലതാണെന്ന ആശയം ഏതെങ്കിലും കുട്ടിയിൽ വന്നിട്ടില്ലെങ്കിൽ തന്നെ ചർച്ച ഈ തലത്തിൽ ക്രോഡീകരിക്കണമെന്നാണ് ഹാൻഡ്ബുക്ക് നൽകുന്ന നിർദേശം. ഇത്തരമൊരു ആശയ പ്രചാരണത്തിന് പാഠപുസ്തകം ഉപയോഗപ്പെടുത്തിയത് മതേതരത്വത്തിന്റെ ആത്മാവിനെത്തന്നെ തകർക്കുന്ന നടപടിയാണ്. വിമർശനാത്മകമായ പഠനത്തെ ഇത് നിരുത്സാഹപ്പെടുത്തുന്നുവെന്ന് മാത്രമല്ല, ടെക്സ്റ്റ്ബുക്കുകളിലൂടെ തങ്ങൾക്കാവശ്യമുള്ള സിദ്ധാന്തം ഒളിച്ചുകടത്തുകയാണ് ചെയ്തിരിക്കുന്നത്.

മതങ്ങൾക്ക് ഒരുമിച്ചു നിൽക്കാൻ കഴിയുന്ന ഏറ്റവും നല്ല മേഖല എന്ന പേരിൽ പുസ്തകത്തിന്റെ 26-ാമത്തെ പേജിൽ 'ആഘോഷങ്ങളുടെ നാട്' എന്ന പെട്ടിക്കോളത്തിൽ ഒരു സംഭവം വിശദീകരിച്ചിട്ടുണ്ട്. അതിലൊന്ന് ഇപ്രകാരമാണ്. "മതം മാറിയുള്ള വിവാഹങ്ങൾ അൻഡമാൻ നിവാസികൾക്ക് ഒരു പുതുമയേ അല്ല. ഒരു വീട്ടിലെ നാലുപെൺകുട്ടികൾ നാലു വ്യത്യസ്ത മതക്കാരെ വിവാഹം ചെയ്യുന്നത് പോലും ഇവിടെ സർവസാധാരണമാണ്." തങ്ങളുടെ വാദമുഖങ്ങൾക്ക് സാക്ഷ്യപത്രമായി ഒരു വ്യാജരേഖ പാഠപുസ്തകത്തിൽ എഴുതിച്ചേർക്കുകയാണ് ഗവൺമെന്റ്. കുട്ടികളോട് ചോദിക്കാൻവേണ്ടി നിർദേശിക്കപ്പെട്ട ചോദ്യങ്ങളുടെ ഉദാഹരണം താഴെ കൊടുക്കുന്നു.

"ഒരേ മതവിശ്വാസം പുലർത്തുന്നവർക്കിടയിൽതന്നെ വേർതിരിവുകൾ നിലനിൽക്കുന്നുണ്ടോ?"

ഒരേ മതവിശ്വാസം പുലർത്തുന്നവർക്കിടയിൽ വേർതിരിവുകൾ നിലനിൽക്കുന്നുണ്ടെന്ന് കുട്ടികളെക്കൊണ്ട് ഉത്തരം എഴുതിക്കാൻ പറ്റിയവിധം ചോദ്യത്തിൽ തന്നെ ഉത്തരം ഉൾക്കൊള്ളിക്കുന്ന കുബുദ്ധിയാണ് ഇവിടെ കാണുന്നത്.

"ഇന്നു നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക് വസ്ത്രധാരണത്തിന്റെ പേരിൽ എന്തെങ്കിലും വിലക്കുകളോ നിയന്ത്രണങ്ങളോ നിലനിൽക്കുന്നുണ്ടോ" എന്ന ചോദ്യവും "പൊതു വസ്ത്രധാരണ രീതി സാമൂഹിക വേർതിരിവുകളെ ഇല്ലാതാക്കാൻ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന" അടുത്ത ചോദ്യവും ലഭിക്കേണ്ട ഉത്തരം ചോദ്യത്തിൽ തന്നെ പൊതിഞ്ഞ് കുട്ടിക്ക് കൊടുക്കുന്ന സൂത്രവിദ്യയാണ്.

കമ്യൂണിസ്റ്റ് ആശയം കുട്ടികളുടെ മനസ്സിൽ നട്ടുപിടിപ്പിക്കാൻ പുസ്തകം ഉപയോഗപ്പെടുത്തുന്നു എന്ന കാര്യം ബോധ്യപ്പെടാൻ 'മണ്ണിനെ പൊന്നാക്കാം' എന്ന ഒന്നാമത്തെ പാഠത്തിലെ അധിക വായനക്ക് നിർദേശിക്കപ്പെട്ട പുസ്തകങ്ങളുടെ ഉള്ളടക്കത്തിലൂടെ കണ്ണോടിച്ചാൽ മതി. സാമൂഹ്യശാസ്ത്രപാഠം, പേജ്-12, പുസ്തകങ്ങളുടെ പേരും രചയിതാക്കളും.

1. *നമ്മളൊന്ന്* - ചെറുകാട്
2. *പാട്ടബാക്കി*- കെ. ദാമോദരൻ
3. *മണ്ണിന്റെ മാറിൽ* -ചെറുകാട്
4. *കേരളത്തിലെ കർഷക സമരങ്ങൾ*- കെ.കെ.എൻ. കുറുപ്പ്
5. *രേഖയില്ലാത്ത ചരിത്രം* - ആണ്ടലാട്ട്

ഈ പുസ്തകങ്ങൾ എന്താശയമാണ് കുട്ടികളിലെത്തിക്കുന്നതെന്ന് ഇവയെ പറ്റിയുള്ള ഹ്രസ്വമായ വിശകലനത്തിൽ നിന്ന് ആർക്കും ബോധ്യമാവും.

## നമ്മളൊന്ന്

അധിക വായനക്ക് വേണ്ടി നിർദേശിക്കപ്പെട്ട ഒന്നാമത്തെ പുസ്തകം ചെറുകാടിന്റെ *നമ്മളൊന്ന്* എന്ന നാടകമാണ്. ഇത് മൂർച്ചയുള്ളൊരു പ്രത്യയശാസ്ത്ര ആയുധമാണ്. ഈ നാടകത്തിന്റെ ചേതോവികാരം എന്താണെന്ന്, 'ചെറുകാടിന്റെ ലോകം' എന്ന കൃതിയിയിൽ പ്രഭാകരൻ പഴശ്ശി എഴുതുന്നു:

"നമ്മളൊന്ന് എന്ന നാടകത്തിന്റെ പിറവിയെക്കുറിച്ച് 'ജീവിതപാതയിൽ' തന്നെ ചെറുകാട് വിവരിക്കുന്നുണ്ട്. 1946 -'47ൽ കമ്യൂണിസ്റ്റ് പാർട്ടി *ദേശാഭിമാനി*ക്കു വേണ്ടി ഫണ്ട് പിരിക്കാൻ തീരുമാനിച്ചു. നാടു നീളെ *ദേശാഭിമാനി* നാടകം സംഘടിപ്പിച്ചു. തിരൂർക്കാട്ട് വെച്ച് നടക്കുന്ന മേളയിൽ പുലാമന്തോളുകാർക്ക് അഭിനയിക്കാനായി ഒരു നാടകമെഴുതണമെന്ന് ടി.പിയും കെ.പി രാമനും നാണുമാസ്റ്ററും മറ്റും ചെറുകാടിനെ നിർബന്ധിച്ചു. ആദ്യം എഴുതിക്കൊടുത്ത നാടകത്തിന്റെ ആദ്യ രംഗം വായിച്ചു'ഇത് കൊള്ളില്ല, തോട്ടിലെറിയാൻ കൊള്ളാം' എന്ന് പ്രഖ്യാപിച്ചത് ടി.വിയാണ്. ടി.പി (ടി.പി ഗോപാലൻ) പ്രബുദ്ധികളെ വടക്കെ പിഷാരത്തെ വരാന്തയിലിരുത്തി അറയിൽ കടന്ന് വാതിലടച്ച് ചെറുകാട് ചുരുക്കം ചില മണിക്കൂറെടുത്ത് എഴുതിയതാണ് ഈ നാടകം (ചെറുകാട് -*ജീവിതപാത*). പി.ടി ഭാസ്കര പണിക്കരാണ് ചെറുകാടിനെ സ്വാധീനിച്ച മറ്റൊരു കമ്യൂണിസ്റ്റ്. പി.ടിയുടെ വ്യക്തിത്വവും സംഘടനാ ശേഷിയും അറിവും ചെറുകാടിൽ ഒരുതരം ഭക്തി ഭാവം തന്നെ സൃഷ്ടിച്ചിരുന്നു. മൈസൂരിലെ ചാമുണ്ടി ക്ഷേത്രം കണ്ടു മടങ്ങവെ ചെറുകാട് തന്നോട് പറഞ്ഞ കാര്യങ്ങൾ കെ.പി ശങ്കരൻ ഓർക്കുന്നുണ്ട്. എടോ, ഈ ദൈവം എന്ന ആളോട് എനിക്ക് വിശേഷിച്ച് വിരോധമൊന്നുമില്ല. അയാൾ പക്ഷേ നമ്മുടെ പി.ടി ഭാസ്കര പണിക്കരെ പോലെയോ മറ്റോ ആകണമെന്നു മാത്രം. നമുക്ക് തുല്യത തോന്നാൻ പാകത്തിൽ നമ്മളോട് ഇണങ്ങാവുന്ന ആളായിരിക്കണം (ചെറുകാട് - *ജീവിതപാത*- 1974. പുറം 548).

ചെറുകാട് എന്ന എഴുത്തുകാരനെയും ചിന്തകനെയും കുട്ടികൾക്ക് വീണ്ടും വായിക്കാൻ കൊടുക്കുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാനും പണിപ്പെടേണ്ടതില്ല. താഴെ പറയുന്ന ഉദ്ധരണി ശ്രദ്ധിക്കുക.

പി.ടി ഭാസ്കര പണിക്കരും കമ്യൂണിസ്റ്റ് പാർട്ടിയുമാണ് ചെറുകാടിനെ കോളേജ് അധ്യാപകനായി നിയമിച്ചതെന്നും പിന്നീടാണ് ചെറുകാടിനെ കോളേജ് പ്രഫസറായി അംഗീകരിച്ചതെന്നും *ചെറുകാടിന്റെ ലോകം* എന്ന പുസ്തകത്തിലെ 78-ാമത്തെ പേജിൽ പ്രഭാകരൻ പഴശ്ശി വ്യക്തമാക്കുന്നു.

"*ദേശാഭിമാനി* സ്റ്റഡി സർക്കിളിന്റെ ജീവാത്മാവും പരമാത്മാവുമായി പ്രവർത്തിച്ചവരാണ് എം.എൻ കുറുപ്പും ചെറുകാടും. ചെറുകാടിനെ പിൽകാലത്ത് സജീവ രാഷ്ട്രീയത്തിലേക്കും സംഘടനാ പ്രവർത്തനത്തിലേക്കും പിടിച്ചുകൊണ്ടുപോയത് എം.എൻ കുറുപ്പാണ്. ചെറുകാടിനെ കൊണ്ട് നോവലെഴുതിച്ചതിൽ കുറുപ്പിന് പ്രധാന പങ്ക് അവകാശപ്പെട്ടതാണ്."

ചെറുകാടിന്റെ ഈ നാടകം കമ്യൂണിസ്റ്റ് അല്ലാത്തവരും എങ്ങനെയാണ് കമ്യൂണിസ്റ്റാവുക എന്ന് കുട്ടികളെ പഠിപ്പിക്കാനുള്ള 51 പേജുള്ള ഒരു രാഷ്ട്രീയ നാടകമാണ്. നാടകത്തിലെ കഥാപാത്രങ്ങളുടെ വർഗസ്വഭാവം താഴെപ്പറയും

വിധമാണ്.

കുഞ്ചുനമ്പൂതിരി - ജന്മിയാണ്. കോൺഗ്രസാണ്, കുടിയൊഴിപ്പിക്കൽ ക്രൂരവിനോദമാണ്, കുടിയൊഴിപ്പിക്കലിനെ കമ്യൂണിസ്റ്റുകാർ എതിർക്കാതിരിക്കാൻ *ദേശാഭിമാനി*യിൽ ഷെയർ എടുത്തിട്ടുണ്ട്. നമ്പൂതിരിപ്പാട് പറയുകയാണ്: *“അതുകൊണ്ട് നാലായിരം പാട്ടത്തിന്റെ ഭൂമി കൈവശക്കാരിൽ നിന്ന് ഞാൻ ഒഴിപ്പിച്ചെടുക്കും അങ്ങനെ ചെയ്യുന്നത് കൃഷിക്കാരോടോ, കമ്യൂണിസ്റ്റ്കാരോടോ ഉള്ള അലോഹ്യം കൊണ്ടല്ല. അത് നിങ്ങളൊക്കെ മനസ്സിലാക്കണം ഞാൻ കോൺഗ്രസുകാരനാണെങ്കിലും എനിക്ക് മറ്റുള്ളവരെ പോലെ കമ്യൂണിസ്റ്റ് വിദ്വേഷമില്ല. കണ്ടില്ലേ ഞാൻ മുഹമ്മദ് വന്നു പറഞ്ഞപ്പോൾ ഷെയർ എടുക്കുകകൂടി ചെയ്തു.”*

രാമൻനായർ - ജന്മിയുടെ എല്ലാ ഇംഗിതവും നടപ്പിലാക്കാൻ നിൽക്കുന്ന കാര്യസ്ഥനാണ്.

പങ്ങൻനായർ - ജന്മിയെ പേടിയായിരുന്നു. പക്ഷേ കാലക്രമേണ കമ്യൂണിസ്റ്റുകാർ പറയുന്നത് ശരിയാണെന്ന നിഗമനത്തിലേക്ക് മനസ്സു മാറി.

ശങ്കുണ്ണി - പങ്ങൻനായരുടെ മകനാണ്. ക്ഷുഭിത യൗവനത്തിന്റെ പ്രതീകമാണ്. ജന്മിക്ക് വഴങ്ങുന്ന അച്ഛൻ പങ്ങൻനായരോട് ശങ്കുണ്ണി പറയുന്നു. “അച്ഛന് മനയ്ക്കൽ തിരുകാഴ്ച വയ്ക്കുന്നതിലും മേലെയാണ് എനിക്ക് ദേശാഭിമാനിയിൽ ഷെയർ എടുക്കൽ.”

മുഹമ്മദ്- കിസ്സാൻ സഭാ പ്രവർത്തകനാണ്. ജന്മിയുടെ വീട്ടിൽ ചെന്ന് മുഹമ്മദ് പറയുന്നത് ഇപ്രകാരമാണ്.

‘‘മുഹമ്മദ് - ഞങ്ങൾ ദേശാഭിമാനിക്ക് പണപ്പിരിവിന് നടത്തുകയാണ്. ഈ അംശത്തിലെ ഓരോ വീട്ടിലും കയറി കാര്യം പറഞ്ഞ് മനസ്സിലാക്കാൻ ഞങ്ങൾ തീർച്ചയാക്കിയിട്ടുണ്ട്. അക്കൂട്ടത്തിൽ ഇവിടെയും വന്നു. ദേശാഭിമാനി കമ്പനിയാക്കണ വർത്തമാനം അറിഞ്ഞിരിക്കുമല്ലോ.”

നമ്പൂതിരിപ്പാട് - അറിഞ്ഞിട്ടുണ്ട്.

ശങ്കുണ്ണി - പിന്നെ വിൽപനയ്ക്കുള്ള പുസ്തകങ്ങളും ഉണ്ട്.

മുഹമ്മദ് - ഇ.എം.എസിന്റെ പുതിയ പ്രസിദ്ധീകരണമുണ്ട്, കേരളം.

നമ്പൂതിരിപ്പാട് - എന്താ വില? ഒന്ന് തന്നേക്ക്, അഭിപ്രായം എഴുതിക്കണ്ടു. ഏതിലാണെന്ന് നല്ല രൂപല്യ. അപ്പോ വിചാരിച്ചിട്ടുണ്ട് ഒന്ന് വാങ്ങണംന്ന്.

ശങ്കുണ്ണി - ഒന്നേകാൽ ഉറുപ്പിക.




**ആണ്ടലാട്ട് എന്ന എഴുത്തുകാരന്റെ 'രേഖയില്ലാത്ത ചരിത്രം' എന്ന പുസ്തകത്തിന്റെ ഒരു കോപ്പി ലഭിക്കുമോ എന്ന അന്വേഷണത്തിൽ കിട്ടിയ വിവരം പ്രസ്തുത പുസ്തകം എ.കെ.ജി സെന്ററിൽ ഒരു കോപ്പിയുണ്ടെന്നും അവിടെ നിന്ന് റഫറൻസ് വായനക്കു മാത്രമേ ലഭ്യമാവൂ എന്നുമാണ്. വല്ലവർക്കും അതിനെപ്പറ്റി പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ എ.കെ.ജി സെന്ററിൽ നേരിട്ടു പോയി പഠിക്കാൻ അവസരമുണ്ടെന്നു വ്യക്തമാക്കാൻ മടിക്കാത്ത പാർട്ടിയുടെ വിശാല മനസ്കതക്ക് നന്ദി പറയേണ്ടിയിരിക്കുന്നു.**

(പുസ്തകം വെച്ചുകൊടുക്കുന്നു)

നമ്പൂതിരിപ്പാട് - പ്പോ രാമ, ഒന്നേ കാലുറുപ്പികയങ്ങോട്ട് കൊടുത്തേക്ക്.

നാടകത്തിലെ അവസാന വരികൾ ഇപ്രകാരമാണ്.

അതെ നമ്മളൊന്നാണ്. (മുദ്രാവാക്യം മുഴങ്ങുന്നു, തിരശ്ശീല വീഴുന്നു)

അണിയറയിൽ -

***ഇച്ചെങ്കൊടിക്ക് കീഴിൽ അണിചേരുക വിപ്ലവത്താൽ പാർത്തലത്തെ വെല്ലുമീ ചെങ്കൊടിക്കുകീഴിൽ അണിചേരുക.***

ചെറുകാടിന്റെ നാടകം എന്തിനു വേണ്ടിയാണെന്ന് നാടകത്തിന്റെ അവതാരികയിൽ ഡോ. കെ. അയ്യപ്പപ്പണിക്കർ എഴുതിയത് ഇപ്രകാരം:

*‘‘ബ്രാഹ്മണ്യത്തിനും ജന്മിത്വത്തിനും അടിയറവ് പറയുന്ന പങ്ങന്മാരുടെ മനംമാറ്റമാണ് പ്രേക്ഷകർക്ക് നാടകകൃത്ത് നൽകുന്ന പാഠം. ഗുണപാഠമെന്നും പറയാം. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന കൃതിയുമായി 'നമ്മളൊന്നി'നുള്ള സാധർമ്യം ശ്രദ്ധേയമാണ്. പാരമ്പര്യ രീതിയിൽ നിന്ന് മാറാൻ മടിക്കുന്നവരെ മാറ്റത്തിന് പ്രേരണ നൽകുന്ന അനുഭവങ്ങളിലൂടെ കമ്യൂണിസ്റ്റാക്കുന്ന ഒരു കഥാതന്തു ഇവിടെയുമുണ്ടല്ലോ. നാടകം, സാമൂഹ്യപരിവർത്തനത്തിന് ഉതകണമെന്ന് വിശ്വസിക്കുന്നവർക്കെല്ലാം ഈ നാടകം പ്രിയങ്കരമായിരിക്കുമെന്നതിൽ സംശയമില്ല”.*

**പാട്ടബാക്കി**

അധിക വായനക്കു വേണ്ടിയുള്ള രണ്ടാമത്തെ പുസ്തകം കെ. ദാമോദരന്റെ *പാട്ടബാക്കി* എന്ന നാടകമാണ്. പ്രസ്തുത നാടകത്തിലെ 13-ാം രംഗത്തിൽ രണ്ട് ജയിൽ തടവുകാർ നടത്തുന്ന സംഭാഷണമാണ് താഴെ. ഒരു ക്രിമിനൽ തടവുകാരനും മുഹമ്മദ് എന്ന കമ്യൂണിസ്റ്റുകാരനും തമ്മിൽ സംസാരിക്കുകയാണ്:

*“ക്രിമിനൽ തടവുകാരൻ - ജയിലിൽ നിന്ന് പുറത്ത് കടന്നാൽ നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന് പറയൂ.*

*മുഹമ്മദ് - മുതലാളികളുടെയും ജന്മികളുടെയും ഉപദ്രവങ്ങളോട് എതിരിടുവാൻ ഓരോ സ്ഥലത്തും തൊഴിലാളി സംഘടനകളും കർഷക സംഘങ്ങളും വളർന്ന് വരണം. പട്ടണത്തിന്റെ ഓരോ തെരുവിലും മുതലാളിത്തത്തിന് എതിരായുള്ള പ്രക്ഷോഭ പ്രദർശനങ്ങൾ നടത്തണം. ഗ്രാമത്തിന്റെ ഓരോ മൂലയും ജന്മിക്കും മുതലാളിക്കും എതിരായുള്ള പ്രക്ഷോഭ കേന്ദ്രമായി തീരണം. വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും തൊഴിലില്ലാത്തവരുടെയും സംഘടനാ പ്രവർത്തികൾ ഓരോ സ്ഥലത്തും പടർന്ന് പിടിക്കണം. ഒരുറച്ച രാഷ്ട്രീയ പാർട്ടിയുടെ കീഴിൽ നിന്ന് സമരം ചെയ്യുന്ന നമ്മുടെ വിപ്ലവ കാഹളം കേട്ട് മർദ്ദക വർഗ്ഗം വിറക്കണം. ഇതൊക്കെയാണ് ആദ്യമായി ചെയ്യേണ്ടിയിരിക്കുന്നത്*” (പേജ് 62).

14 രംഗങ്ങളുള്ള ഈ നാടകത്തിലെ അവസാന രംഗത്തിന് കർട്ടൺ വീഴുന്ന

തിന് മുമ്പ് നാടകത്തിലെ മുഖ്യ കഥാപാത്രങ്ങളായ കിട്ടുണ്ണിയും പെങ്ങൾ കുഞ്ഞിമാളുവും ഉപസംഹരിക്കുന്നത് ഇപ്രകാരം.

*കിട്ടുണ്ണി- അതെ, ക്രൂരമായ സമുദായത്തിൽ, മുതലാളികളുടെയും അവരുടെ കിങ്കരന്മാരുടെയും ഉപദ്രവം കൊണ്ട്, മർദ്ദനം കൊണ്ട് അനേകം ജനങ്ങൾക്ക് പട്ടിണി കിടക്കേണ്ടി വരുന്ന ഇന്നത്തെ സമുദായത്തിൽ കളവും, വ്യഭിചാരവും പാപമല്ല!..... കുഞ്ഞിമാളൂ, ദാരിദ്ര്യമാണ് മനുഷ്യനെക്കൊണ്ട് മോഷണം നടത്തിക്കുന്നത്. മോഷണവും വ്യഭിചാരവും ഇല്ലാതാവണമെങ്കിൽ ദാരിദ്ര്യം നശിക്കണം. ദാരിദ്ര്യം നശിക്കണമെങ്കിലോ ഇന്നത്തെ ഭരണ സമ്പ്രദായം മാറണം.*

*കുഞ്ഞിമാളു -മാറണം പക്ഷെ, എങ്ങിനെ ?*

*കിട്ടുണ്ണി- കുഞ്ഞിമാളൂ, നമുക്കീ സമുദായത്തോടു പകരം ചോദിക്കണം. ഈ സമുദായ സംഘടനയെ നമുക്കൊന്നുടച്ചുവാർക്കണം.*

*കുഞ്ഞിമാളു- പകരം ചോദിക്കണം! ഉടച്ചുവാർക്കണം! പക്ഷെ എങ്ങിനെ ?*

*കിട്ടുണ്ണി- എങ്ങിനെയെന്നു ഞാൻ പറഞ്ഞു തരാം വരൂ."*

1930- കളുടെ അന്ത്യത്തിൽ കേരളത്തിലെ കമ്യൂണിസ്റ്റ് സ്റ്റേജുകളിൽ സ്ഥിരമായി അരങ്ങേറിയ ഈ പ്രത്യയ ശാസ്ത്ര നാടകം പൊടി തട്ടി പുറത്തെടുത്തത് എന്തിനാണെന്നത് കൂടുതൽ വിശദീകരിക്കേണ്ടതില്ല.

*ചിന്ത* വാരികയിൽ പുനർ വിശകലനംചെയ്ത എൻ.ആർ ഗ്രാമപ്രകാശിന്റെ *പ്രത്യയശാസ്ത്രവും നാടകവും* എന്ന രചനയിലെ *പാട്ടബാക്കി*യുടെ സന്ദേശം എന്ന ഖണ്ഡികയുടെ പ്രസക്ത ഭാഗങ്ങൾ താഴെ:

*കേരളത്തിലെ രാഷ്ട്രീയ നാടകവേദിയിലെ ചരിത്രത്തിലെ ഈ വിജയഗാഥ 'ഒരു മ്യൂസിയം പീസ്' ആയി മാറിയോ ? അരനൂറ്റാണ്ടിനു ശേഷം പാട്ടബാക്കിയുടെ അവതരണം കണ്ടു കഴിഞ്ഞപ്പോൾ, തീർച്ചയായും ഇല്ല എന്ന് വിളിച്ചു പറയാനാണ് തോന്നിയത്. അത്രമാത്രം സമകാലിക വ്യാഖ്യാനം നൽകാൻ ഉതകുന്നതാണ് പാട്ടബാക്കിയുടെ സന്ദേശം.*

*ഈ സമുദായ സംഘടനയെ നമുക്കൊന്നുടച്ചുവാർക്കണം എന്ന് പറഞ്ഞുകൊണ്ട് കിട്ടുണ്ണിയും കുഞ്ഞിമാളുവും ഇറങ്ങി ചെല്ലുന്നത് കർഷക പ്രസ്ഥാനത്തിന്റെ സംഘ വലയത്തിലേക്കാകണമല്ലോ.*

*57-ൽ അധികാരത്തിൽ എത്തിയ കമ്യൂണിസ്റ്റ് ഗവൺമെന്റ് തുടക്കമിട്ട ഭൂപരിഷ്കരണ നിയമ നടപടികളിലൂടെ കേരളം വലിയൊരു കുതികുതിച്ചു. ഇന്നത്തെ കേരളത്തിന്റെ സമ്പദ് ശരീരത്തിലെ നിറപ്പകിട്ടിന്റെ അടിസ്ഥാനം കാർഷിക ബന്ധങ്ങളിൽ വന്ന പരിവർത്തനമാണെന്നതിൽ രണ്ട് പക്ഷമില്ല"* (ചിന്ത വാരിക *1993 ജനു: 1).*

മാർക്സിസ്റ്റുകാർക്ക് ആശയ പ്രചരണത്തിന് വേണ്ടിയുള്ള മൂർച്ചയേറിയ ആയുധങ്ങൾ ഈ നാടകത്തിലുണ്ട്.

ക്രൂരനായ ജന്മി, ജന്മിയുടെ കാര്യസ്ഥനായ രാമൻനായർ, ജന്മിക്കും മുതലാളിക്കും ഓശാന പാടുന്ന ഒരു ഖദർധാരി. ഈ ഖദർ ധാരിയാകട്ടെ മുതലാളിയുടെ എല്ലാ ക്രൂരകൃത്യങ്ങൾക്കും കൂട്ട് നിൽക്കുകയും തൊഴിലാളി സമരത്തിന് എതിരായി 'ദിനകാഹളം' പത്രത്തിൽ ലേഖനമെഴുതുകയും ചെയ്യുന്നു. ഇവരെല്ലാം പ്രത്യയശാസ്ത്രപരമായ വിമർശനത്തിന് കമ്യൂണിസ്റ്റ് പാർട്ടി എക്കാലത്തും ഉപയോഗിച്ച പ്രതിബിംബങ്ങളാണ്.

പട്ടിണി കിടക്കുന്ന കൊച്ചു ബാലൻ ചോദിക്കുന്ന നിഷ്കളങ്കമായ രണ്ടു ചോദ്യങ്ങൾ നാടകത്തിന്റെ ഒന്നാം രംഗത്തിൽ തന്നെയുണ്ട്.

"ബാലൻ- നമുക്കെന്താ കാശില്ല്യാത്തമ്മെ ?

അമ്മ - ദൈവം തന്നില്ല്യ!

ബാലൻ- കള്ള ദൈവം അപ്പോമ്മെ, ഈ ദൈവം ചത്താലെ നമുക്കു സുഖാവൂ അല്ലെ?

അമ്മ- ശൂ.... ദൈവത്തെ കുറ്റം പറേരുതെന്ന് പറഞ്ഞില്ലെ? ദൈവം നല്ലവനാണ്.

ബാലൻ - നല്ലവനാച്ചാ നമ്മൾ പട്ടിണി കിടക്കുമോ അമ്മേ?

അമ്മ- നമ്മുടെ തലയിലെഴുത്താണ് ബാലാ ... നമ്മളൊക്കെ കഷ്ടപ്പെടണെന്നാണ് ദൈവം വിധിച്ചിട്ടുള്ളത്.

ബാലൻ- ഈ ദൈവം ഇത്ര ദുഷ്ടനാണോ മ്മേ്യ? ഞാൻ വലുതാവട്ടെ, കാണിച്ചുകൊടുക്കാം.

അമ്മ- അയ്യോ കുഞ്ഞേ! ദൈവം കേൾക്കും ഇങ്ങനൊന്നും പറയരുത്.

ബാലൻ- കേട്ടോട്ടെ. എനിക്കെന്താ പണ്ടാരക്കള്ളൻ!"

കെ. ദാമോദരന്റെ 'പാട്ടബാക്കി' ഉയർത്തുന്ന ചിന്തകൾ ഇളം കുരുന്നുകളിൽ നട്ടുപിടിപ്പിക്കുന്നതിന്റെ പിന്നിലെ രാഷ്ട്രീയ അജണ്ട മനസ്സിലാക്കാൻ ഏതൊരാൾക്കും കഴിയാവുന്നതേയുള്ളൂ.

പാട്ടബാക്കി എന്ന നാടകം 1937-ൽ വൈലത്തൂരിൽ വെച്ച് നടന്ന പൊന്നാനി താലൂക്കിലെ കർഷക സമ്മേളനത്തിൽ ആദ്യമായി അവതരിപ്പിച്ചിട്ട് 75 കൊല്ലമായി. മുക്കാൽ നൂറ്റാണ്ടിനു ശേഷവും ഈ നാടകം തേടിപ്പിടിച്ച് വായിക്കാൻ ചെറിയ കുട്ടികളെ പ്രേരിപ്പിക്കുന്ന മന്ത്രിയെയും പാർട്ടിയെയും ഉദ്ദേശ്യ ശുദ്ധിയുള്ളവരെന്ന് വാഴ്ത്തണോ? ഗവൺമെന്റിന്റെ ഇത്തരം നയങ്ങളെ ആരെങ്കിലും ആക്ഷേപിച്ചാൽ അത്തരക്കാരെ രാഷ്ട്രീയവും സാമുദായികവും പറയുന്നവരെന്ന് മുദ്ര കുത്തുകയും ചെയ്യുന്നു. ഭരണത്തെ എപ്രകാരമാണ് പ്രത്യയ ശാസ്ത്ര പരമായ വളർച്ചക്ക് ഉപയോഗപ്പെടുത്തുക എന്നത് തങ്ങൾ കാണിച്ചു തരാമെന്ന് പ്രബുദ്ധ കേരളത്തെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്.

## മണ്ണിന്റെ മാറിൽ

അധികവായനക്കുള്ള മൂന്നാമത്തെ പുസ്തകം ചെറുകാടിന്റെ തന്നെ മറ്റൊരു നോവലാണ് 'മണ്ണിന്റെ മാറിൽ'. ഏതാണ്ട് 113 പേജുള്ള ഈ നോവൽ വായിക്കുമ്പോൾ നേരത്തേ പറഞ്ഞ രണ്ടു പുസ്തകങ്ങളും വായിച്ച ഏതൊരാൾക്കും തോന്നുക 'പാട്ടബാക്കി'യുടെയും 'നമ്മൊളൊന്നി'ന്റെയും പ്രമേയം തന്നെയല്ലേ ഇതിലും കൈകാര്യം ചെയ്യുന്നതെന്നാണ്. ചെറുകാടിന്റെ തന്നെ രണ്ടു പുസ്തകം എന്തിന് തെരഞ്ഞെടുത്തു എന്ന് വല്ലവർക്കും സംശയമുണ്ടെങ്കിൽ അത് 'മണ്ണിന്റെ മാറിൽ' എന്ന പുസ്തകത്തിന്റെ കവർപേജിലൂടെ അദ്ദേഹത്തെ അടുത്തറിയുമ്പോൾ നമുക്ക് കൂടുതൽ മനസ്സിലാവും.

"ചെറുകാട് (1914-1976) .............. റിട്ടയർ ചെയ്തതിനുശേഷം യു.ജി.സി പ്രഫസർ. 1942-ൽ പാവറട്ടി കോളേജിലെ ജോലി രാജിവെച്ച് കമ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടി സാംസ്കാരിക പ്രവർത്തനങ്ങളിൽ മുഴുകി. വള്ളുവനാട് ടീച്ചേഴ്സ് യൂണിയൻ, കേന്ദ്രകലാസമിതി, പുരോഗമന സാഹിത്യസംഘടന, കേരള സാഹിത്യ സമിതി, ദേശാഭിമാനി സ്റ്റഡീ സർക്കിൾ തുടങ്ങി ഒട്ടേറ രംഗങ്ങളിൽ പ്രവർത്തിച്ചു. നവലോകത്തിലും ദേശാഭിമാനി പത്രത്തിലും പത്രപ്രവർത്തനം. ശക്തി പബ്ലിക്കേഷൻസ് സ്ഥാപിച്ചു. 1948 -ൽ മക്കരപ്പറമ്പ് ജാഥക്കേസിൽ അറസ്റ്റു ചെയ്യപ്പെട്ടു. മൂന്നുവർഷം ജയിൽശിക്ഷ. മരണം 1976 ഒക്ടോബർ 28".

കമ്യൂണിസ്റ്റ് അനുഭാവമുള്ള ഒരു എഴുത്തുകാരന്റെ പുസ്തകം കുട്ടികൾ വായിക്കാൻ പാടില്ലെന്നോ ചെറുകാട്

എന്ന എഴുത്തുകാരൻ ശ്രദ്ധേയനല്ലന്നോ എനിക്ക് അഭിപ്രായമില്ല. അതേസമയം ഈ പുസ്തകത്തിന്റെ സന്ദേശവും കമ്യൂണിസ്റ്റ് പാർട്ടിയുടെ വർഗസിദ്ധാന്തത്തിന്റെ മറ്റൊരു പ്രചാരണായുധമാണ് എന്നു പറയാതെ വയ്യ. ജന്മിത്വത്തിന്റെ ക്രൂരതയെ പ്രതിനിധീകരിക്കുന്ന മുപ്പിൽ നായരും അധ്വാനിക്കുന്ന മണ്ണിൽ കനകം വിളയിച്ചിട്ടും ജന്മിയുടെ ഉപദ്രവത്തിൽ നിന്ന് മോചനം നേടാൻ കഴിയാത്ത കൊമ്പൻ കൊണ്ടേലനും കൊണ്ടേലന്റെ മക്കളുമൊക്കെയാണ് നോവലിലെ പ്രധാനകഥാപാത്രങ്ങൾ. കുടികിടപ്പുകാരന് താങ്ങാൻ കഴിയാത്ത പാട്ടഭാരം അവന്റെ തലയിൽ വെച്ചുകൊടുക്കാൻ ജന്മിക്ക് കൂട്ട് നിൽക്കുന്ന ദുഷ്ടകഥാപാത്രത്തെ പോക്കർമുല്ലാക്ക പ്രതിനിധീകരിക്കുന്നു. അധ്വാനിക്കുന്നവരെയും ജന്മിമാരെയും ജന്മിമാരുടെ ദല്ലാളന്മാരെയും ജാതി തിരിച്ച് അവതരിപ്പിക്കുന്നതിലും ഈ നോവലിൽ കരവിരുത് കാണിച്ചിട്ടുണ്ട്. *പാട്ടബാക്കി*യിലും *മണ്ണിന്റെ മാറി*ലും പറയാനുള്ള കഥാതന്തുമാത്രം പറയുന്ന ഈ നോവൽ കേരളത്തിൽ പുതിയ തലമുറക്ക് കേട്ടുകേൾവി പോലുമില്ലാത്ത ബഹുഭർത്തൃത്വത്തെ ഒരു സർവസാധാരണ സമ്പ്രദായമെന്ന നിലക്ക് നോവലിൽ ചിത്രീകരിച്ചിട്ടുണ്ട് എന്നതും പ്രധാനമാണ്. പുസ്തകത്തിന് നന്മ നേർന്നുകൊണ്ട് അവതാരികയെഴുതിയ ഇ.എം.എസ് നമ്പൂതിരിപ്പാട് തന്നെ അവതാരികയിൽ ഇപ്രകാരം എഴുതി: "ഈ ചിത്രീകരണത്തിൽ പല പോരായ്മകളും ഉണ്ടെന്നത് പരമാർഥമാണ്. കേരളത്തിലെ കൃഷിക്കാരിൽ അഥവാ തെക്കേ മലബാറിലെ തീയ കൃഷിക്കാരിൽ അപൂർവമായി ബാക്കി നിൽക്കുന്ന ഒരവശിഷ്ടം മാത്രമായ ബഹുഭർത്തൃത്വം ഒരു സർവസാധാരണ വ്യവസ്ഥയെന്ന നിലയ്ക്ക് ചിത്രീകരിക്കുന്നത് സാമൂഹ്യ യാഥാർഥ്യത്തിന്റെ ശരിയായ ചിത്രീകരണമാവുകയില്ല. അതുപോലെ തന്നെ തീയരല്ലാത്ത മറ്റു ജാതിക്കാരായ കൃഷിക്കാരെക്കൂടി അങ്ങിങ്ങായി കാണിച്ചിരുന്നുവെങ്കിൽ ചിത്രം കൂടുതൽ ജീവനുള്ളതാകുമായിരുന്നു. ഇത് പോലെ മറ്റു ചില പോരായ്മകളും കണ്ടേക്കാം. പക്ഷേ, ഉയർന്നുവരുന്ന കൃഷിക്കാരുടെ സംഘടിത ശക്തിയെ സർവ പ്രധാനമായ ഒരു ശക്തിയായി കാണിക്കുന്നതിൽ ചെറുകാട് വിജയിച്ചിരിക്കുന്നു എന്ന പരമാർഥം ഇതൊന്നുകൊണ്ടും ഇല്ലാതാകുന്നില്ല".

### രേഖയില്ലാത്ത ചരിത്രം

അധികവായനക്ക് വേണ്ടി തെരഞ്ഞെടുത്ത മറ്റൊരു പുസ്തകം ആണ്ടലാട്ട് എഴുതിയ 'രേഖയില്ലാത്ത ചരിത്രം' ആണ്. ആണ്ടലാട്ട് എന്ന എഴുത്തുകാരനെ കണ്ടെത്താനുള്ള ഈ ലേഖകന്റെ അന്വേഷണം വിജയിക്കുകയുണ്ടായില്ല. 'ചിന്താ പബ്ലിക്കേഷൻസ്' പ്രസിദ്ധീകരിച്ചതായി കേട്ട അദ്ദേഹത്തിന്റ 'രേഖയില്ലാത്ത ചരിത്രം' എന്ന കൃതിയുടെ ഒരു പതിപ്പെങ്കിലും കാണാൻ ആഗ്രഹിച്ചുവെങ്കിലും അത് ലഭ്യമായില്ല. നിരന്തരമായ അന്വേഷണത്തിനൊടുവിൽ മനസ്സിലാക്കാൻ കഴിഞ്ഞത്, അദ്ദേഹം എ.കെ.ജി സെന്ററിലെ ലൈബ്രറിയുടെ ചുമതല വഹിക്കുന്ന വ്യക്തിയാണ് എന്നാണ്. അദ്ദേഹത്തോട് ചോദിച്ച് പുസ്തകത്തിന്റെ ഒരു കോപ്പി ലഭ്യമാക്കാൻ പറ്റുമോ എന്ന അന്വേഷണത്തിൽ കിട്ടിയ വിവരം, പ്രസ്തുത പുസ്തകം എ.കെ.ജി സെന്ററിൽ ഒരു കോപ്പിയുണ്ടെന്നും അവിടെ നിന്ന് റഫറൻസ് വായനക്കു മാത്രമേ ലഭ്യമാവൂ എന്നുമാണ്. വല്ലവർക്കും അതിനെപ്പറ്റി പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ എ.കെ.ജി സെന്ററിൽ നേരിട്ടു പോയി പഠിക്കാൻ അവസരമുണ്ടെന്നു വ്യക്തമാക്കാൻ മടിക്കാത്ത പാർട്ടിയുടെ വിശാല മനസ്കതക്ക് നന്ദി പറയേണ്ടിയിരിക്കുന്നു.



**കാലഹരണപ്പെട്ട ഒരു പ്രത്യയശാസ്ത്രത്തിന് പുനർജീവൻ നൽകാൻ കുട്ടികളെ തങ്ങളുടെ വർഗസിദ്ധാന്തത്തിന്റെ വക്താക്കളാക്കി മാറ്റാനുമുള്ള ഏറ്റവും കുടിലമായ ഗൂഢാലോചനയാണ് ഇവിടെ നടന്നുവരുന്നത്. ഇനിയിപ്പോൾ *ദേശാഭിമാനി* സ്റ്റഡി സർക്കിളും 'ചിന്താ പബ്ലിക്കേഷനും' വേറെ വേണമെന്നില്ല. അതിവർ ക്ലാസ് റൂമിൽ തന്നെ രൂപപ്പെടുത്തുകയാണ്.**

പാർട്ടി ക്ലാസുകളിലേക്ക് ചെറിയ കുട്ടികളെ അയക്കാൻ എല്ലാ രക്ഷിതാക്കളും തയാറാവില്ല. *ദേശാഭിമാനി*യും ഇടതുപക്ഷ ചിന്തകന്മാരും എഴുതിയതെല്ലാം തേടിപ്പിടിച്ച് വായിക്കാനും അവരെ കിട്ടിയെന്നു വരില്ല. എന്നാൽ സ്കൂളിലെത്തുന്ന കുട്ടികളെ അവിടെ വെച്ച് തട്ടിക്കൊണ്ട് പോകുന്ന ക്രിമിനൽ കുറ്റമാണ് ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ചെയ്യുന്നത്. കാലഹരണപ്പെട്ട ഒരു പ്രത്യയശാസ്ത്രത്തിന് പുനർജീവൻ നൽകാൻ കുട്ടികളെ തങ്ങളുടെ വർഗസിദ്ധാന്തത്തിന്റെ വക്താക്കളാക്കി മാറ്റാനുമുള്ള ഏറ്റവും കുടിലമായ ഗൂഢാലോചനയാണ് ഇവിടെ നടന്നുവരുന്നത്. ഇനിയിപ്പോൾ *ദേശാഭിമാനി* സ്റ്റഡി സർക്കിളും 'ചിന്താ പബ്ലിക്കേഷനും' വേറെ വേണമെന്നില്ല. അതിവർ ക്ലാസ് റൂമിൽ തന്നെ രൂപപ്പെടുത്തുകയാണ്. ജനാധിപത്യ സംവിധാനത്തിൽ ഏതൊരു രാഷ്ട്രീയ പാർട്ടിക്കും അവരുടെ ആശയ പ്രചാരണത്തിന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ, കമ്യൂണിസ്റ്റ് ആശയ പ്രചാരണം സർക്കാരിന്റെ ചെലവിൽ ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നത് എതിർക്കേണ്ടതാണ്. എതിർത്തു പരാജയപ്പെടുത്തേണ്ടതാണ്. ■